Synthite | SUT PATTOM Super Specialty Hospital | K-DISC | KSIDC





ടിനി ഫിലിപ്പ്

**The Contrarian Consultant**

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# ഓഹരി വിപണിയിലെ കുതിപ്പ് സാമ്പത്തിക മുന്നേറ്റത്തിന്റെ ലക്ഷണമോ?

### ഓഹരി വിപണി ഉയരാൻ കാരണമായ ഘടകങ്ങൾ എന്തൊക്കെയെന്ന് നോക്കാം

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിപ്പിലാണെന്നാണ് ഞാൻ കാണുന്ന പല സംരംഭകരും കരുതുന്നത്. ഇന്ത്യൻ ഓഹരി വിപണി സ്ഥിരമായി റെക്കോഡ് നേട്ടവുമായി മുന്നേറിക്കൊണ്ടിരിക്കുകയാണെന്നത് അതിന്റെ സൂചനയാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിപ്പിലാണെന്ന് തോന്നുന്നില്ലേ എന്ന് അവർ എന്നോടും ചോദിക്കാറുണ്ട്. ഞാൻ അങ്ങനെ വിശ്വസിക്കുന്നില്ലെന്ന് 2017ന്റെ തുടക്കം മുതൽ പല ലേഖനങ്ങളിലൂടെയും പറയുന്നതാണ്. നോട്ട് പിൻവലിക്കൽ, ജി.എസ്.ടിയുടെ തെറ്റായ രീതിയിലുള്ള നടപ്പാക്കൽ, കോവിഡ് എന്നിവയെ നേരിടാൻ എടുത്ത തെറ്റായ നയങ്ങളുമെല്ലാം ചൂണ്ടിക്കാട്ടിയാണ് ഞാൻ സമ്പദ്‌വ്യവസ്ഥയുടെ കാര്യത്തിൽ അത്ര പോസിറ്റീവ് അല്ലെന്ന് പറയുന്നത്.

യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കി പോസിറ്റീവായി ചിന്തിക്കുന്ന ഒരാളാണ് ഞാനെന്നും മറിച്ച് 'പ്രതീക്ഷയുടെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കുന്ന' ഒരാളല്ല എന്നും ഇപ്പോൾ വായനക്കാർക്ക് അറിയാം.

നല്ലൊരളവിൽ അനിശ്ചിതമായി കുതിക്കുന്ന സമ്പദ്‌വ്യവസ്ഥയുടെ സൂചനയാണ് സ്ഥിരമായി റെക്കോഡ് നേട്ടവുമായി മുന്നേറുന്ന ഓഹരി വിപണിയെന്നാണ് എന്റെ പക്ഷം.

ലോകം പ്രതിസന്ധി നേരിടുന്ന സമയത്തല്ലാതെ ബാക്കി എല്ലായ്പ്പോഴും ഓഹരി വിപണി എക്കാലത്തെയും ഉയരം കൈവരിച്ചു കൊണ്ടിരിക്കും എന്നാണ് എന്റെ അഭിപ്രായം. അത് കുതിക്കുന്ന സമ്പദ്‌വ്യവസ്ഥയുടെ സൂചനയല്ല.

ഞാൻ എന്താണ് പറയുന്നതെന്ന് വിശദമാക്കാം.

ഓഹരി വിപണിയുടെ പ്രാതിനിധ്യവുമായി ബി.എസ്.ഇ സെൻസെക്സിന്റെ കാര്യമെടുക്കാം. 2023 ഓഗസ്റ്റ് നാലിന് 65721.25 എന്ന നിലയിലുള്ള ഏറ്റവും വലുതും സജീവമായി ട്രേഡ് ചെയ്യുന്നതുമായ 30 ഓഹരികളെയാണ് പരിഗണിക്കുന്നത്.

ആറ് കോടിയിലധികം സംരംഭങ്ങൾ (സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങൾ) രാജ്യത്ത് ഉണ്ടെന്നാണ് കണക്ക്. അവയിൽ ആറ് ലക്ഷത്തിലേറെ ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങളാണ്. അതിൽ 6000 കമ്പനികൾ വിവിധ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. 30 എണ്ണം ബി.എസ്.ഇ സെൻസെക്സിൽ ആണ്. ചിത്രം 1 കാണുക.

ബി.എസ്.ഇ സെൻസെക്സിലെ കമ്പനികൾ ഇന്ത്യയിലെ ഏറ്റവും മികച്ച ബിസിനസുകളാണെന്നത് ന്യായമായ അനുമാനമാണ്.

*Figure 1 - BSE Sensex - Best of the Best Businesses in India*





**2014 ഏപ്രിൽ മുതൽ 2023 ഏപ്രിൽ വരെ ബി.എസ്.ഇ 164 ശതമാനം വളർച്ച കൈവരിച്ചു. അതുകൊണ്ടാണ് പല സംരംഭകരും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിക്കുകയാണെന്ന് കരുതുന്നത്**

2004-2013 വരെയും 2014-2023 വരെയുമുള്ള രണ്ട്-ഒമ്പത് വർഷ കാലയളവുകളിലെ ബി.എസ്.ഇ സെൻസെക്സ് വളർച്ച താരതമ്യം ചെയ്തു നോക്കാം.

സമ്പദ്‌വ്യവസ്ഥയുടെ കുതിപ്പിനെ കുറിച്ച് സംസാരിക്കുന്നവർ സാധാരണയായി ഈ രണ്ട് കാലഘട്ടങ്ങളെയാണ് താരതമ്യം ചെയ്യുന്നത് എന്നതിനാലാണ് അവയെ ഉദാഹരണമായി എടുക്കുന്നത്. 2004-2013 കാലയളവിനേക്കാൾ ഗണ്യമായ വളർച്ച 2014-2023ൽ ഉണ്ടായിട്ടുണ്ടെന്ന വിശ്വാസത്തിലാണ് അവർ.

കൂടാതെ ഈ രണ്ട് കാലഘട്ടങ്ങളിലും ബി.എസ്.ഇ സെൻസെക്സിനെ വലിയ ഇടിവിലേക്ക് നയിച്ച ആഗോളതലത്തിലുള്ള പ്രതിസന്ധികളും ഉണ്ടായിട്ടുണ്ട്. 2004-2013 കാലഘട്ടത്തിൽ 2008ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയും 2014-2023 കാലഘട്ടത്തിൽ കോവിഡ് പ്രതിസന്ധിയും. ചിത്രം രണ്ട് കാണുക.

*Figure 2 - BSE Sensex - World Level Crises*




ചിത്രം മൂന്നിൽ കാണുന്നതു പോലെ 2014 ഏപ്രിൽ മുതൽ 2023 ഏപ്രിൽ വരെ ബി.എസ്.ഇ 164 ശതമാനം വളർച്ച കൈവരിച്ചു. അതുകൊണ്ടാണ് പല സംരംഭകരും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിക്കുകയാണെന്ന് കരുതുന്നത്.

*Figure 3 - BSE Sensex Growth Comparison*

| Period | Month | BSE Sensex | Difference | Growth % |
|---|---|---|---|---|
| Period 1 | Apr-2004 | 5788 | 12662 | 219% |
| | Apr-2013 | 18450 | | |
| Period 2 | Apr-2014 | 22628 | 37027 | 164% |
| | Apr-2023 | 59655 | | |

അതേസമയം, ചിത്രം മൂന്ന് ശ്രദ്ധിച്ചാൽ 2004 ഏപ്രിൽ മുതൽ 2013 ഏപ്രിൽ വരെയുള്ള കാലഘട്ടത്തിൽ ബി.എസ്.ഇ വളർച്ച 219 ശതമാനമാണെന്ന് കാണാം. അതുകൊണ്ട് ആ കാലഘട്ടത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വൻ കുതിപ്പിലായിരുന്നു എന്നാണോ അർത്ഥം?

ബി.എസ്.ഇ സെൻസെക്സ് ഉയരാൻ കാരണമായ ഘടകങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥ വളർച്ച തന്നെ ഒന്നാമത്തെ കാരണം.

പണപ്പെരുപ്പം മൂലം സാധനങ്ങളുടെയും സേവനങ്ങളുടെയും വില കൂടിയതാണ് രണ്ടാമത്തെ കാരണം.

ഡിമാൻഡ് അസംഘടിത മേഖലയിൽ നിന്ന് സംഘടിത മേഖലയിലേക്ക് മാറിയതാണ് മൂന്നാമത്തെ കാരണം. 2016ലെ നോട്ട് പിൻവലിക്കലും 2017ലെ ജി.എസ്.ടി നടപ്പാക്കലുമാണ് ഈ മാറ്റം ത്വരിതപ്പെടുത്തിയത്.

ചിത്രം നാലിൽ ഈ കാരണങ്ങൾ കാണാം.

*Figure 4 - Reasons for BSE Sensex achieving all-time highs*



ഞാൻ വിശദീകരിച്ച കാര്യങ്ങൾ പഠിക്കാനും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ യഥാർത്ഥത്തിൽ കുതിപ്പിലാണോ എന്നതു സംബന്ധിച്ച് സ്വയം നിഗമനത്തിലെത്താനുമുള്ള അവകാശം വായനക്കാർക്ക് വിടുന്നു.

വിജയിയായ സംരംഭകൻ 'യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കി പോസിറ്റീവായി ചിന്തിക്കുക'യാണ് ചെയ്യേണ്ടത്. മറിച്ച് 'പ്രതീക്ഷയുടെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കുക'യല്ല എന്ന കാര്യം ഓർക്കുക. ■